"ഭരണഭാഷ മാതൃഭാഷ"

WEC4-12279-21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 10.05.2022
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ,

എല്ലാ ജില്ല വനിത സംരക്ഷണ ഓഫീസർ മാർക്കും.
എല്ലാ ജില്ല ശിശു സംരക്ഷണ ഓഫീസർ മാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ്- Whats'app Help line number നടപ്പാക്കുന്നത് സംബ.

സൂചന: 01.01.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അതിക്രമം നേരിടുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനായി വകുപ്പ് തലത്തിൽ Whats'app Help line പദ്ധതി നടപ്പാക്കി വരുന്നു. **94400080292** നമ്പരായുള്ള ടി ഹെൽപ്പ് ലൈൻ സേവനം 01.01.2022 തീയതി മുതൽ വനിത ശിശു വികസന വകുപ്പിന് കീഴിൽ മഹിള ശക്തി കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വിമൻ മുഖേന നടപ്പാക്കുന്നതിനും ടി Whats'app Help line ലേക്ക് വരുന്ന പരാതികൾ തുടർ നടപടിക്കായി അതാത് വനിത സംരക്ഷണ ഓഫീസർമാർ/ജില്ല ശിശു സംരക്ഷണ ഓഫീസർമാർക്ക് ഫോർവേഡ് ചെയ്ത് നൽകുന്നതിനും നിർദേശം നൽകി സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

എന്നാൽ ചില ജില്ലകളിൽ ഇപ്രകാരം ഫോർവേഡ് ചെയ്യപ്പെട്ട പരാതികളിൽ ഫോൺ കേട്ട പാട് സംഭവിച്ചു എന്നിങ്ങനെയുള്ള നിസ്സാര കാര്യങ്ങൾ ചൂണ്ടി കാണിച്ച് യഥാസമയം നടപടി സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി നടപടി യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല.

ടി സാഹചര്യത്തിൽ സൂചന നിർദേശം പ്രകാരം Whats'app Help line മുഖേന ലഭിക്കുന്ന പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നതിനു നിർദേശം നൽകുന്നു. ആയതിൽ വീഴ്ച വരുത്തുന്നതായി ഇനി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി